**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | **Shri. V. S. Sunil Kumar**<br>(കൃഷി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് 2020 ഡിസംബർ 31 വരെ ഹോർട്ടി കോർപ് മുഖാന്തിരം സംസ്ഥാനത്ത് നിന്ന് എത്ര ടൺ പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞു എന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പ് മുഖാന്തിരം സംസ്ഥാനത്ത് നിന്ന് സംഭരിച്ച് വിതരണം നടത്തിയ പച്ചക്കറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:(Attachment) ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകരിൽ നിന്നും അന്യസംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും, മറ്റ് ഏജൻസികളിൽ നിന്നും പച്ചക്കറി സംഭരിച്ചാണ് വിതരണം നടത്തുന്നത്. 2019-20 കാലഘട്ടത്തിൽ പച്ചക്കറി സംഭരണത്തിൽ കുറവുണ്ടായത് പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിനാലാണ്. |
| (ബി) | ന്യായവിലയിൽ പച്ചക്കറി സംഭരണവും, വിതരണവും, നടത്തുന്ന ഹോർട്ടി കോർപ് ആർ.പി.സി.കളും, ഔട്ട് ലെറ്റുകളും സംസ്ഥാനത്ത് ഇപ്പോൾ എത്രയെണ്ണമാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) | ഹോർട്ടികോർപ്പിന്റെ കീഴിൽ പഴം പച്ചക്കറി സംഭരണത്തിനും വിതരണത്തിനുമായി പ്രവർത്തിക്കുന്ന ജില്ലാ സംഭരണ കേന്ദ്രങ്ങളുടേയും ഔട്ട്‌ലെറ്റുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(Attachment) |
| (സി) | ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ കൂടുതൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ കൂടുതൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതാണ്. സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 50 പുതിയ ഔട്ട്‌ലെറ്റുകളും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇതിനോടകം 20 പുതിയ സ്വന്തം സ്റ്റാളുകളും 20 ഫ്രാഞ്ചൈസി സ്റ്റാളുകളും ആരംഭിച്ചു കഴിഞ്ഞു. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. 1. കാസർഗോഡ് ജില്ലയിൽ സംഭരണ കേന്ദ്രം 2. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ ഒരു സംഭരണ ഉപകേന്ദ്രം 3.സ്വന്തം സ്റ്റാളുകളുടെ എണ്ണം 100-ൽ നിന്നും 150 ആയി വർദ്ധിപ്പിക്കുന്നത് 4.RIDFപദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, എറണാകുളം ഡിപിസികൾ |

| | | | |
|---|---|---|---|
| | | | നവീകരിക്കുന്നതും അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് 5.പച്ചക്കറി സംഭരണം കാര്യക്ഷമമാക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള റീഫർ വാനുകൾ സ്ഥാപിക്കുന്നത് 6.മാവേലിക്കരയിൽ പ്രവർത്തിക്കുന്ന തേനീച്ച വളർത്തൽ കേന്ദ്രത്തിന്റെ 2-ാം ഘട്ട നവീകരണം നടപ്പിലാക്കുന്നതും കർഷകരിൽ നിന്നുമുള്ള തേൻ സംഭരണം വർദ്ധിപ്പിക്കുന്നതും 7.സംസ്ഥാനത്തുടനീളമുള്ള 33,115 അംഗനവാടികളിലെ 5 ലക്ഷത്തോളം വരുന്ന കുട്ടികൾക്ക് ദിവസേന തേൻ നൽകുന്നതിനായി സാമൂഹിക വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് "തേൻ കണം" പദ്ധതി 8.സംസ്ഥാനത്തുടനീളം മിൽമ ഔട്ട്‌ലെറ്റുകൾ മുഖേന ഹോർട്ടികോർപ്പിന്റെ തേനും തേനുൽപ്പന്നങ്ങളുടെയും വിപണനം 9. തേൻ അധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിപണനവും. 10.തിരുവനന്തപുരം ജില്ലയിലെ പാളയത്തും കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കർഷകരിൽ നിന്നും അധിക വില നൽകി നാടൻ പഴങ്ങളും പച്ചക്കറികളും സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രത്യേക നാടൻ പഴം പച്ചക്കറി വിപണന ശാലകൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വർഷം | കർഷകരിൽ നിന്നുള്ള സംഭരണം | |
|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | തുക (കോടിയിൽ) |
| 1 | 2016-17 | 7003.92 | 18.38 |
| 2 | 2017-18 | 7212.75 | 27.07 |
| 3 | 2018-19 | 8997.52 | 24.03 |
| 4 | 2019-20 | 7490.1 | 21.5 |
| 2020 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ | | 5324.123 | 13.37 |

| ക്രമ നം | ജില്ല | ഡി.പി.സി. (ആർ.പി.സി) | ഉപ കേന്ദ്രം | ആകെ | സ്വന്തം സ്റ്റാളുകൾ | ഫ്രാഞ്ചൈസി സ്റ്റാളുകൾ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | - | 1 | 20 | 64 |
| 2 | കൊല്ലം | 1 | 1 | 2 | 19 | 34 |
| 3 | ആലപ്പുഴ | 1 | 1 | 2 | 11 | 69 |
| 4 | പത്തനംതിട്ട | 1 | - | 1 | 5 | 10 |
| 5 | കോട്ടയം | 1 | 1 | 2 | 10 | 33 |
| 6 | ഇടുക്കി | 1 | 1 | 2 | 3 | - |
| 7 | എറണാകുളം | 1 | 0 | 1 | 8 | 3 |
| 8 | തൃശ്ശൂർ | 2 | 0 | 2 | 10 | 11 |
| 9 | പാലക്കാട് | 1 | - | 1 | 3 | 2 |
| 10 | മലപ്പുറം | 1 | - | 1 | 10 | 3 |
| 11 | കണ്ണൂർ | 1 | - | 1 | 8 | 24 |
| 12 | കോഴിക്കോട് | 1 | 1 | 2 | 13 | 25 |
| 13 | വയനാട് | 1 | - | 1 | 1 | - |
| | ആകെ | 14 | 5 | 19 | 121 | 278 |